ശാസ്ത്രനർമ്മ കവിത ✤ സി. രാമചന്ദ്രൻ, ളാക്കാട്ടൂർ

# മത്തീ നിനക്കെന്തുപറ്റി?

മത്തീ നിനക്കെന്തുപറ്റി - എന്റെ
മത്തീ നിനക്കെന്തുപറ്റി
ഉത്തരം തേടി ഞാൻ ശാസ്ത്ര
വിജ്ഞാനത്തി
നുത്തുംഗ കേന്ദ്രത്തിലെത്തി....!

"മൊത്തത്തിലുച്ചത്തിലൊന്നു
ചിന്തിക്കിൽ
അച്യുതാ, ശങ്കകളേറെ
എങ്കിലും ചൊന്നിടാം
ഓരോ പ്രകാരത്തി
ലെങ്കൾക്കു ബോധിച്ച പോലെ.........

വാച്ചമോദത്തിൽ കടൽപ്പരപ്പിൽ നീ
കാഴ്ചയായ് നിന്നതിന്നാലോ
ചേർച്ചയിൽ "മത്സ്യ"1 മെന്നാദ്യ-
മുരച്ചതിൻ മൂലമോ മത്തിയാം
ശബ്ദം?

മിന്നുന്നതൊന്നിനെ മീനെന്ന്
നിർണ്ണയം
ചൊന്നതോ വെൺതമിഴ്ഗാത്രം
വേദമന്ത്രപ്പൊരുൾ2 കോർത്തവരാ-
മോദമേറെക്കഴിച്ചിരുന്നെന്നോ?

ഉത്തമാംഗത്തിനും
ഹൃത്തിനും മത്തിയൊ-
രുത്തമ3നെന്നവർ കണ്ടു
പാരം പരവശനായ് മുനി നീട്ടിയ
നാരായ വേരാണ് മത്തി!"

"ഒത്തോരവതാരമൂർത്തിയായ്
വാഴിച്ച
മത്തിക്കിതെന്തോന്നുപറ്റി?
പേരും പെരമയും "വിക്കി4യിലൂടെ
കാരണമെന്തെന്നു ചൊല്ലൂ"

ഞാറ്റുവേലക്കാറ്റ് മൂപ്പിച്ചു
പൊന്നുകൾ
പാറ്റുവാൻ വന്നു പായ്ക്കപ്പൽ
ആഴക്കടൽ
താണ്ടിത്തീരമണയുവാൻ
ഊഴം ഗണിച്ചവരെന്നാൽ
ആഴിപ്പരപ്പിൽ നിറഞ്ഞ
പുലപ്പി5നാൽ
ആവാതെ നാവികർ നിന്നു6!

കരപോലെ തന്നെ കടൽപ്പരപ്പായ്
നല്ല
തിരയായ് ഘനം വച്ച മത്തി
അരിമണിക്കും
പോലുമില്ലയീനാട്ടിലി-
ന്നൊരുകാല വൈദോഷമെത്തി.

വാഴ്ന്നുവോനല്ലയോയേറെ
നാളെങ്ങളാ
മേഴകൾ തൻ മാംസ്യതോഴൻ,
ആരോ വിളിച്ചു "കുടുംബം
പുലർത്തി"യെ-
ന്നാരോമലേയതുസത്യം!

ശ്രീമൂല വൈഭവാലാമസോണിൽ
നിന്നു-
മാമൂലമെത്തിയീ നാട്ടിൻ
ദാരിദ്ര്യശോകമകറ്റും മരച്ചീനി-
യാരുദ്രമിന്നങ്ങു നിൽപൂ!
(നളനഷ്ട ദുർഭഗം പേർത്തു
പഴിക്കുന്ന ദമയന്തിയെന്ന
കണക്കേ!)
തെങ്ങിന്റെ മൂട്ടിലൊരിക്കൽ
വളമായി
മങ്ങിയ ചാളക്ക് മോക്ഷം
നൽകിയതോ
സ്നേഹകമ്പോള7മുള്ളതിൽ
പുൽകിയ ധ്വര തന്റെ ബുദ്ധി!

പിന്നെ മലബാറ് കണ്ടതോ ചാളതൻ
പൊന്നൊലുക്കൊത്ത ദിനങ്ങൾ
ചാളത്തടികളിൽ പോയവർ പോ
യവർ
ചാലേ നിറച്ചു വലകൾ
കോളൊത്തു വന്നതിൽ
സ്നേഹപ്രവാഹത്തിൽ
മാലോകരാമോദമാളി!

പുന്നക്കയും നല്ല കൊപ്രയുമാട്ടുന്ന
മണ്ണിൽ നിറഞ്ഞു മീനെണ്ണ
എണ്ണകയറ്റി ബേപ്പൂരിന്നുരുവുകൾ
എണ്ണമില്ലാതാഴി താണ്ടി

എത്തി "ഡേ"8 മൽസ്യകുടുംബ
ചരിതത്തിൽ
പുസ്തകമാദ്യം രചിച്ചു
ഉത്തരദേശക്കടലുകൾ നേരിട്ട
വർദ്ധിച്ച ചൂഷണം കണ്ടു

മത്തിയില്ലാതെയായ് ഒത്ത ദുരാഗ്രഹ
ചിത്തം വെടിഞ്ഞു വിവേകം
കത്തിപ്പിടിച്ച് വേണ്ട നിയന്ത്രണ-
തത്വങ്ങളൊന്നായ് മൊഴിഞ്ഞു.

കണ്ണിവലിപ്പം9 വളർക്കെ
കുറയ്ക്കയാ-
ലുണ്ണികളില്ലാതെ വന്നു
ഉണ്ണുവാനില്ലാതെ മറ്റിനം മീനുകൾ
കണ്ണുവെട്ടിത്തരം പാത്തു.

മാറും ഋതുക്കൾ തൻതോളത്തു
കേറിയാ-
ണോരോ ഝഷവും ചരിപ്പൂ
കാലപ്രവാഹവും
നീരൊഴുക്കിന്നൊത്തു
ചാലിച്ചതല്ലേ പൊലപ്പും?

വഞ്ചി,
വലയതുമൊക്കെയെടുത്തു നൽ-
തഞ്ചവും നോക്കി പ്രയാസാൽ
വെള്ളത്തിലഭ്യാസ
പാടവത്തിൽ തിര-
ത്തള്ളലിൽ കൊല്ലലിന്നായി
കയ്യും തലയും മറന്ന് വലപ്പാട്
പെയ്യും പെയ്ത്തൊക്കെ നോക്കി
ഹയ്യാ വലിച്ചോ തിരിച്ചോ
വലിച്ചോന്ന്
കൊയ്യുന്നതാണിന്നു രീതി

കുഞ്ഞനും പൊണ്ണനും
തന്തയും തള്ളയും
ഒന്നൊഴിയാതൊക്കെ വാരി
കത്തിക്കരിയെന്ന പേരും പറഞ്ഞിട്ട്
ഞഞ്ഞഞ്ഞ പിഞ്ഞഞ്ഞ കഷ്ടം!

പൊടിമീനുമില്ലാതെയായപ്പൊഴല്ലയോ
കൊടിയതാം തന്ത്രങ്ങൾ പാർത്തു!
കൊല്ലിവലകൾ
നിരോധിച്ചുകൊണ്ടുള്ള
നല്ലോരെഴുത്തോല വന്നു

നാടുകുടിക്കടക്കോടതി10 വെച്ചാറേ
പാലിച്ചിടാൻ സ്വയം ചട്ടം
ഓടങ്ങളാഴിയിൽ പോകാൻ
ദിനങ്ങളും
ജാല11തിൻ കണ്ണിക്കരുത്തും
ഏതേതുമേതൊക്കെയെന്നും
പിഴയ്ക്കായി
ഏകേ തെത്രയാണെന്നും
തീരുമാനങ്ങളെടുത്തവർ ധീവരർ
ശ്രീകുരുംബാപാദമൂലേ

വാർത്ത പടർന്നതാ തീരത്തുറകളിൽ
"മത്തി അപ്രത്യക്ഷമായി !!"
ചാത്തന്റെ കോപമോ
മുത്തോത്തിയാർക്കുള്ള
ചാർത്ത് പിഴച്ചതോ പാരിൽ?

കാലിയായ് മത്തിയമേരിക്ക തന്നിലെ
കാലിഫോർണ്യാവിലും ഓർത്താൽ
കോലാഹലം പിന്നെയെന്തിന്നു
കൂടണം
കോലത്തു നാട്ടിലെ മൂഢാ!

പത്തു പതിനൊന്ന്
വർഷങ്ങൾ കൂടുമ്പോൾ
മത്തികാട്ടുന്നൊരീക്കൂത്തിൻ
ഒത്തരഹസ്യമറിയുന്നതിന്നായി
ഒത്തുകൂടി ശാസ്ത്ര വൃന്ദം

തീറ്റയും 12, ചാറ്റലും, സൂര്യകല13
യുമായ്
കൂട്ടിസിദ്ധാന്തങ്ങളെത്തീ
കാറ്റിന്റെ മുന്നിൽ കരിയിലയെന്ന
പോൽ
ഏറ്റമില്ലാതാർത്തു മത്തി!

പാണ്ടിനാടും പിന്നെ ദൂരെയൊമാ
നതും
താണ്ടി നാട്ടിൽ ചാളയെത്തീ
ആഗോള താപനമാണെന്നു
ചൊന്നവർ-
ക്കാകവെ ഹാലൊന്നിളകീ!

തെല്ലുപോലും ബാക്കിവയ്ക്കാതെ
വാശിയിൽ
ജെല്ലികൾ14 തിന്നതാണെന്നും
അല്ലിടവപ്പാതി പറ്റിച്ചതാണെന്ന്
ചൊല്ലുവോരും കുറവില്ല.....

കരനീരു15 നോക്കിപ്പുലപ്പു
സ്വപ്നം കണ്ട്
കരയുന്ന മീനാളനൊപ്പം
അരികത്ത് ശ്വാസമടക്കിയരുമയായ്
ഉരയുന്നു മത്തി രഹസ്യം

"ബാറുകൾ പൂട്ടിയ കേരളതീരത്ത്
ബോറാണു ജീവിതം, ഇഷ്ടാ
ചാറിനുപോലും വരില്ല ഞങ്ങൾ
അറുബോറാണിവിടം, വരട്ടേ!!"

(സി. രാമചന്ദ്രൻ, ളാക്കാട്ടൂർ :
9446129341
ramachandrancnair@gmail.com)

**കുറിപ്പ്** : 1.മദി ഹർഷേ ഇതി മത്സ്യ (തത്വമസി, പേജ് 157), 2. ഋഗ്വേദത്തിൽ "മീൻ" എന്ന പ്രയോഗം, 3.ഒമേഗാ-3-ഫാറ്റി ആസിഡുകളുടെ കലവറയാണ് മത്തി., 4.വിക്കിപ്പീഡിയ, 5.മീൻകൂട്ടം (മീനാളരുടെ ഭാഷ), 6.1320-ൽ സിലോൺ തീരത്തു വന്ന (ഫ്രിയോ ഓഡോറിക്കിന്റെ അനുഭവസാക്ഷ്യം-ഫ്രാൻസിസ് ഡേ. 1865. ഫിഷസ് ഓഫ് മലബാർ), 7.ബ്രിട്ടീഷ് ഭരണകാലത്തെ വർദ്ധിച്ച മീനെണ്ണ കയറ്റുമതി., 8.ഫ്രാൻസിസ് ഡേ, 9.വലക്കണ്ണിയുടെ വലിപ്പം , 10.കടൽക്കോടതികൾ മലബാറിൽ ഇന്നുമുതൽ, 11.വല, 12.പ്ളവകങ്ങൾ, 13.സൺസ്പോട്ട് ആക്ടിവിറ്റി, 14.ജെല്ലി ഫിഷ് , 15.ഓഷ്യൻ കറണ്ട്



